സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഡ്രൈവർമാരുടെ Permanent Travelling Allowance വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 11645/16/Est-2** നന്തൻകോട്, **13/2/2017**

---

പരാമർശം :- 1) ദേവസ്വം ബോർഡിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീ. രാജൻ മുതൽപേർ സമർപ്പിച്ച അപേക്ഷ.

2) ദേവസ്വം കമ്മീഷണറുടെ 20-12-2016 ലെ ROC 17671/16/Est-A നമ്പർ റിപ്പോർട്ട്.

3) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 30-12-2016 ലെ ROC 559/16/IAD നമ്പർ റിപ്പോർട്ട്

## ഉത്തരവ്

ദേവസ്വം ബോർഡിൽ ഡ്രൈവർ തസ്തികയിൽ ജോലി നോക്കിവരുന്ന ശ്രീ. രാജൻ മുതൽപേർ ടിയാളുകൾക്ക് Permanent Travelling Allowance ഇനത്തിൽ 1750/- രൂപ ലഭിച്ചുവരുന്നതായും കാലാകാലങ്ങളിൽ ശമ്പളപരിഷ്ക്കരണത്തോടനുബന്ധിച്ച് PTA വർദ്ധിപ്പിച്ച് നൽകാറുണ്ടെങ്കിലും പുതിയ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയ അവസരത്തിൽ ആയത് വർദ്ധിപ്പിച്ചിട്ടില്ലായെന്നും ആയതിനാൽ PTA വർദ്ധിപ്പിച്ച് നൽകണമെന്നും വിവരിച്ച് അപേക്ഷ സമർപ്പിച്ചു (പരാമർശം -1).

ടി സംഗതി സംബന്ധിച്ച് ദേവസ്വം കമ്മീഷണർ, ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ എന്നിവരുടെ റിപ്പോർട്ടുകൾ ലഭ്യമാക്കി (പരാമർശം 2, 3) പരിശോധിച്ചു. 01-07-2016 ലെ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ ദിനബത്ത, ഇൻസിഡന്റൽ എക്സ്പെൻസ് എന്നിവ വർദ്ധിപ്പിച്ചിട്ടുളള സാഹചര്യത്തിൽ യാത്രാബത്തയ്ക്ക് പകരമായി LMV ഡ്രൈവർമാർക്ക് നൽകിവരുന്ന PTA യിൽ 250/- രൂപ വർദ്ധനവ് വരുത്തി പ്രതിമാസം 2,000/- രൂപയായി അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

SK